(ബി) ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. കൂടുതൽ പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ തലസ്ഥാനത്ത് 3 ലോ-ഫ്ളോർ ബസ്സുകൾ നിരത്തിലിറക്കുകയുണ്ടായി. വലിയ ബസ്സുകൾ ഓടിക്കാൻ കഴിയാത്ത റൂട്ടുകളിലും, മലയോര പ്രദേശങ്ങളിലും യാത്രാക്ലേശം പരിഹരിക്കുന്നതിനായി മിനി ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തി വരികയാണ്. ഈ നടപടികളിലൂടെ യാത്രാക്ലേശം ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതാണ്.

(സി) ഇല്ല.

(ഡി) യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ ഫാസ്റ്റ് പാസഞ്ചർ, ഹൈടെക് ബസ്സുകളും, മിനി ബസ്സുകളും, എയർ കണ്ടീഷന്റ് എയർ ബസ്സുകളും നിരത്തിലിറക്കി യാത്രക്കാരുടെ മെച്ചപ്പെട്ട യാത്രാസൗകര്യം ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നു. ഗ്രാമ പ്രദേശങ്ങളിലും മലയോര പ്രദേശങ്ങളിലും കൂടുതൽ ബസ്സ് സർവ്വീസുകൾ ബസ്സുകളുടെ ലഭ്യതയനുസരിച്ച് തുടങ്ങുന്നതാണ്.

ചെറുകിട വ്യവസായങ്ങളെക്കുറിച്ചുള്ള പഠനം

17 [*246] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

,, എ. കെ. ബാലൻ :

,, എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെക്കുറിച്ചുള്ള പഠനത്തിന് സർക്കാർ ഏതെങ്കിലും ഏജൻസികളെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(സി) ഇത്തരമൊരു പഠനത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) എ.പി.ഐ.ടി.സി.ഒ. എന്ന സ്ഥാപനത്തിന് സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഈ സ്ഥാപനത്തിന് ഇതിനായി സർക്കാർ നൽകുന്ന സഹായങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്) :

(എ) ഉണ്ട്.

(ബി) കിറ്റ്കോ (KITCO), കെ.ഐ.ഇ.ഡി. (KIED), എസ്.റ്റി.ഇ.ഡി. (STED), കെ.എസ്.എസ്.ഐ.എ. (KSSIA) ഏജൻസികളെ വിവിധ കാലയളവിൽ ചെറുകിട വ്യവസായത്തെ സംബന്ധിച്ച് പഠനങ്ങൾ നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഏതൊക്കെ മേഖലയിൽ ഏതൊക്കെ വ്യവസായങ്ങൾ തുടങ്ങാം എന്നതാണ് ഇത്തരം പഠനത്തിന്റെ പ്രധാന ഉദ്ദേശം.

(ഡി, ഇ) ഇല്ല. എന്നാൽ ആന്ധ്രാപ്രദേശ് ഇൻഡസ്ട്രിയൽ ആന്റ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ (എ.പി.ഐ.റ്റി.സി.ഒ.) കേന്ദ്ര സർക്കാർ സഹായത്തോടെ ചെറുകിട വ്യവസായ വികസന ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കേരളത്തിലെ വിവിധ ജില്ലകളിൽ പ്രോജക്ട് തയ്യാറാക്കുക, ഉപദേശങ്ങൾ നൽകുക തുടങ്ങി കൺസൾട്ടൻസി സർവീസ് നൽകുന്നുണ്ട്. ഇതിനായി വയനാട്, മലപ്പുറം എന്നീ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സഹായം നൽകാൻ വ്യവസായ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

വയോജനക്ഷേമ നയം

18 [*247] ശ്രീ. കെ. വി. മോഹനൻ :

,, സി. കെ. നാണു :

,, എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയോജനക്ഷേമ നയം രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതിൽ എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly